ശമീർ മദീനി

# നാല്

# എന്തിനാണ് ദഅ്‌വത്ത്? (b)

**ബലാൽക്കാരമില്ല:**

സത്യം വ്യക്തമാക്കി അതിലേക്ക് ക്ഷണിക്കുകയും തിന്മയുടെ അപകടം ബോധ്യപ്പെടുത്തി അതിൽ നിന്ന് പ്രബോധിതരെ പിന്തിരിപ്പിക്കുകയുമല്ലാതെ നിർബന്ധ മതപരിവർത്തനമോ ബലാൽക്കാരമോ ദഅ്‌വത്തിൽ ആവശ്യമില്ലെന്ന് ഖുർആൻ ഉണർത്തുന്നു.

لَآ إِكۡرَاهَ فِي ٱلدِّينِۖ قَد تَّبَيَّنَ ٱلرُّشۡدُ مِنَ ٱلۡغَيِّۚ فَمَن يَكۡفُرۡ بِٱلطَّٰغُوتِ وَيُؤۡمِنۢ بِٱللَّهِ فَقَدِ ٱسۡتَمۡسَكَ بِٱلۡعُرۡوَةِ ٱلۡوُثۡقَىٰ لَا ٱنفِصَامَ لَهَاۗ وَٱللَّهُ سَمِيعٌ عَلِيمٌ

"മതത്തിന്റെ കാര്യത്തിൽ ബലപ്രയോഗമേ ഇല്ല. സന്മാർഗം ദുർമാർഗത്തിൽ നിന്ന് വ്യക്തമായി വേർതിരിഞ്ഞുകഴിഞ്ഞിരിക്കുന്നു. ആകയാൽ ഏതൊരാൾ ദ!ർമൂർത്തികളെ അവിശ്വസിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ അവൻ പിടിച്ചിട്ടുള്ളത് ബലമുള്ള ഒരു കയറിലാകുന്നു. അത് പൊട്ടിപോകുകയേയില്ല. അല്ലാഹു (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമാകുന്നു." (2:256)

وَقُلِ ٱلۡحَقُّ مِن رَّبِّكُمۡۖ فَمَن شَآءَ فَلۡيُؤۡمِن وَمَن شَآءَ فَلۡيَكۡفُرۡۚ إِنَّآ أَعۡتَدۡنَا لِلظَّٰلِمِينَ نَارًا أَحَاطَ بِهِمۡ سُرَادِقُهَا

"പറയുക: സത്യം നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ളതാകുന്നു. അതിനാൽ ഇഷ്ടമുള്ളവർ വിശ്വസിക്കട്ടെ ഇഷ്ടമുള്ളവർ അവിശ്വസിക്കട്ടെ. അക്രമികൾക്ക് നാം നരകാഗ്നി ഒരുക്കിവെച്ചിട്ടുണ്ട്.. അതിന്റെ 'കൂടാരം' അവരെ വലയം ചെയ്തിരിക്കുന്നു."(18:29)

وَلَوۡ شَآءَ رَبُّكَ لَأٓمَنَ مَن فِي ٱلۡأَرۡضِ كُلُّهُمۡ جَمِيعًاۚ أَفَأَنتَ تُكۡرِهُ ٱلنَّاسَ حَتَّىٰ يَكُونُواْ مُؤۡمِنِينَ

"നിന്റെ രക്ഷിതാവ് ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഭൂമിയുലുള്ളവരെല്ലാം ഒന്നിച്ച് വിശ്വസിക്കുമായിരുന്നു എന്നിരിക്കെ ജനങ്ങൾ സത്യവിശ്വാസികളാകുവാൻ നീ അവരെ നിർബന്ധിക്കുകയോ?"(10:99)

പ്രവാചകന്മാർക്കും പ്രബോധകർക്കും സന്ദേശമെത്തിക്കലല്ലാതെ അത് ആരുടെ മേലും അടിച്ചേൽപ്പിക്കേണ്ട ബാധ്യതയില്ല. അല്ലാഹു പറയുന്നു:

فَإِن تَوَلَّوۡاْ فَإِنَّمَا عَلَيۡكَ ٱلۡبَلَٰغُ ٱلۡمُبِينُ

"ഇനി അവർ തിരിഞ്ഞു കളയുന്ന പക്ഷം നിനക്കുള്ള ബാധ്യത (കാര്യങ്ങൾ) വ്യക്തമാക്കുന്ന പ്രബോധനം മാത്രമാകുന്നു"(16:82)

فَذَكِّرۡ إِنَّمَآ أَنتَ مُذَكِّرٞ ۝ لَّسۡتَ عَلَيۡهِم بِمُصَيۡطِرٍ

"അതിനാൽ (നബിയെ) നീ ഉൽബോധിപ്പിക്കുക. നീ ഒരു ഉൽബോധകൻ മാത്രമാകുന്നു. നീ അവരുടെ മേൽ അധികാരം ചെലുത്തേണ്ടവനല്ല"(88:21-22)

**ഇസ്‌ലാമിക ഭരണം**

സത്യത്തിനും നീതിക്കും വില കൽപിക്കുന്ന, മർദ്ദിതന്റെ അവകാശങ്ങൾ നേടിക്കൊടുക്കുന്ന, മർദ്ദകന്റെ കൈക്ക് പിടിക്കുന്ന, ശാന്തിയും സമാധാനവും കളിയാടുന്ന ഇസ്‌ലാമിക ഭരണം മുസ്‌ലിംകൾ മാത്രമല്ല അമുസ്‌ലിംകളും കൊതിക്കുന്നുണ്ട്. ഇസ്‌ലാമിന്റെ രണ്ടാം ഖലീഫയായ നീതിമാനായ ഉമറിന്റെ ഭരണമാണ് എനിക്കേറ്റവും ഇഷ്ടമെന്ന് മഹാത്മജി പറഞ്ഞത് ഇതിനൊരു ഉദാഹരണം മാത്രമാണ്. എന്നാൽ ഇസ്‌ലാമിന്റെ പേരുപറഞ്ഞ് മതരാഷ്ട്രം ആത്യന്തിക ലക്ഷ്യമായി കണ്ട് അത് സ്ഥാപിക്കാൻ പാടുപെടുന്ന ചിലരുണ്ട്. ഹാകിമിയ്യത്തുല്ലാഹ്, ഹുകുമത്തെ ഇലാഹി തുടങ്ങിയ നവീന ആശയങ്ങളുമായി മുസ്‌ലിം യുവതയെ ഇസ്‌ലാമിനന്യമായ ഭീകരവാദത്തിലേക്കും തീവ്രവാദത്തിലേക്കും നയിക്കുന്നവർ ഇത് പ്രവാചകന്റെ പാതയാണോ എന്ന് ആത്മാർഥമായി പരിശോധിക്കേണ്ടതുണ്ട്. ഇസ്‌ലാമിക ഭരണം ആഗ്രഹിക്കുന്നുവെങ്കിൽ, അത് മുഹമ്മദ് നബിക്ക് നേടാൻ കഴിഞ്ഞതെങ്ങനെയെന്നും പ്രവാചകന്റെ മാതൃകയെന്ത് എന്നും പരിശോധിക്കേണ്ടതുണ്ട്. ഖുർആൻ പറയുന്നു:

لَّقَدۡ كَانَ لَكُمۡ فِي رَسُولِ ٱللَّهِ أُسۡوَةٌ حَسَنَةٞ لِّمَن كَانَ يَرۡجُواْ
ٱللَّهَ وَٱلۡيَوۡمَ ٱلۡأٓخِرَ وَذَكَرَ ٱللَّهَ كَثِيرٗا

"തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്. അതായത് അല്ലാഹുവെയും അന്ത്യദിനത്തെയും പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും, അല്ലാഹുവെ ധാരാളമായി ഓർമിക്കുകയും ചെയ്തുവരുന്നവർക്ക്" (വി.ഖു. 33:21)

എന്തുകൊണ്ടാണ് നബി(ﷺ) തുടക്കം കുറിച്ചത്? ശുദ്ധമായ ഇസ്‌ലാമിനെ അവക്രമായി ആളുകൾക്ക് പരിചയപ്പെടുത്തി. ദഅ്‌വത്ത് ചെയ്തു. പ്രബോധിതരിൽ ഒരു വിഭാഗം അത് സ്വീകരിച്ചു. അവിടുത്തെ അരുമശിഷ്യരായി. അവരും ഈ ദൗത്യത്തിൽ പങ്കുചേർന്നു.

ഇസ്‌ലാം വ്യാപിക്കാൻ തുടങ്ങി. അനുബന്ധമായി മർദ്ദനങ്ങളും പീഡനങ്ങളുമുണ്ടായി. ഹിജ്റ പോകേണ്ടിവന്നു. അവസാനം മദീനയിൽ അല്ലാഹു ഇസ്‌ലാമിനാധിപത്യം നൽകി. ശക്തി പ്രാപിച്ചു. യുദ്ധങ്ങളും പോരാട്ടങ്ങളുമുണ്ടായി. ഇസ്‌ലാമിന്റെ ജൈത്രയാത്ര തുടർന്നു. ഇസ്‌ലാമിക ചരിത്രത്തെക്കുറിച്ച് ബാലപാഠമെങ്കിലുമറിയുന്നവർക്കൊക്കെ അറിയാവുന്ന യാഥാർഥ്യമാണിതൊക്കെ.

അതിനാൽ പ്രവാചകൻ(ﷺ) തുടങ്ങിയേടത്തുനിന്ന് തുടങ്ങുക. ശരിയായ ഇസ്‌ലാമിനെ ജനങ്ങൾക്ക് പരിചയപ്പെടുത്തുക. നാം നിമിത്തമായി ഇസ്‌ലാമിനെ ആരെങ്കിലും തെറ്റിദ്ധരിക്കുന്ന സ്ഥിതി ഇല്ലാതാക്കുക. ഇസ്‌ലാമിന്റെ ശത്രുക്കളുടെ കുപ്രചരണങ്ങളെ തിരുത്തി, ആളുകൾക്ക് സത്യം ഇന്നതാണെന്ന് ബോധ്യപ്പെടുത്തിക്കൊടുക്കുക. ഒരുപക്ഷെ, ഇന്ന് നമുക്ക് നിർവഹിക്കാൻ കഴിയുന്നതിൽവെച്ചേറ്റവും വലിയ ജിഹാദും ഇതുതന്നെയായരിക്കും. ഈ ബാധ്യത നാം നിർവഹിച്ചാൽ അല്ലാഹു തന്റെ വാഗ്ദാനം നിറവേറ്റുകതന്നെ ചെയ്യും. അല്ലാഹു പറയുന്നു:

وَعَدَ ٱللَّهُ ٱلَّذِينَ ءَامَنُوا۟ مِنكُمْ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ لَيَسْتَخْلِفَنَّهُمْ فِى ٱلْأَرْضِ كَمَا ٱسْتَخْلَفَ ٱلَّذِينَ مِن قَبْلِهِمْ وَلَيُمَكِّنَنَّ لَهُمْ دِينَهُمُ ٱلَّذِى ٱرْتَضَىٰ لَهُمْ وَلَيُبَدِّلَنَّهُم مِّنۢ بَعْدِ خَوْفِهِمْ أَمْنًا ۚ يَعْبُدُونَنِى لَا يُشْرِكُونَ بِى شَيْـًٔا ۚ وَمَن كَفَرَ بَعْدَ ذَٰلِكَ فَأُو۟لَـٰٓئِكَ هُمُ ٱلْفَـٰسِقُونَ

“നിങ്ങളിൽനിന്ന് വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവരുടെ മുമ്പുള്ളവർക്ക് പ്രാതിനിധ്യം നൽകിയതുപോലെതന്നെ തീർച്ചയായും ഭൂമിയിൽ അവൻ അവർക്ക് പ്രാതിനിധ്യം നൽകുകയും, അവർക്ക് അവൻ തൃപ്തിപ്പെട്ടുകൊടുത്ത അവരുടെ മതത്തിന്റെ കാര്യത്തിൽ അവർക്ക് അവൻ സ്വാധീനം നൽകുകയും, അവരുടെ ഭയപ്പാടിനുശേഷം അവർക്ക് നിർഭയത്വം പകരം നൽകുകയും ചെയ്യുന്നതാണെന്ന്. എന്നെയായിരിക്കും അവർ ആരാധിക്കുന്നത്, എന്നോട് യാതൊന്നും അവർ പങ്കുചേർക്കുകയില്ല. അതിനുശേഷം ആരെങ്കിലും നന്ദികേട് കാണിക്കുന്നപക്ഷം അവർ തന്നെയാകുന്നു ധിക്കാരികൾ” (വി.ഖു. 24:55).

**തസ്ഫിയത്തും തർബിയത്തും**

ഇസ്‌ലാമിനെ ശരിയായ രൂപത്തിൽ അവതരിപ്പിക്കുന്നതോടൊപ്പം ഇസ്‌ലാമിലേക്ക് കയറിക്കൂടിയ ‘ഇത്തിക്കണ്ണികളെ’ വെട്ടിമാറ്റേണ്ടതുണ്ട്. പ്രവാചക മാതൃകയില്ലാത്ത, സലഫുകൾക്ക് പരിചയമില്ലാത്ത സർവ്വ ബിദ്അത്തുകളും വിപാടനം ചെയ്തുകൊണ്ടുള്ള ഈ ശുദ്ധീകരണ പ്രക്രിയക്കാണ് ‘തസ്ഫിയ’ എന്ന് പറയുന്നത്. വിശ്വാസ-കർമ-ആചാര-മര്യാദകളിലൊക്കെയും ഈ വിമലീകരണ പ്രക്രിയ നടക്കേണ്ടതുണ്ട്. അതോടൊപ്പം ശരിയായ സുന്നത്ത് പഠിപ്പിക്കുക വഴി നല്ലൊരു ശിക്ഷണം വളർന്നുവരുന്ന തലമുറക്ക് നൽകുയും വേണം. അതാണ് ‘തർബിയ’ എന്നതുകൊണ്ട് വിവക്ഷിക്കുന്നതും. പ്രവാചകന്മാർ നിർവഹിച്ച ‘തസകിയത്തി’ന്റെയും ‘ഇസ്‌ലാഹി’ന്റെയും താൽപര്യം ഇതാണെന്ന് കാണാവുന്നതാണ്.

തുടരും...